"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകുന്നതിനായി ആശ്വാസനിധി എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.701/2018/സാ.നീ.വ തീയതി, തിരുവനന്തപുരം,10.12.2018**

---

പരാമർശം: (1) വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 07.09.2018 ലെ എൻ-144/17-ാം നമ്പർ കത്ത്.

(2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം.

**ഉത്തരവ്**

2008 മുതൽ 2018 ജൂൺ വരെയുള്ള സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ കൂടിവരികയാണ്. ഈ സാഹചര്യത്തിൽ ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസം നൽകേണ്ടത് അനിവാര്യമാണ് എന്നും ആയതിനായി ആശ്വാസനിധി എന്ന പദ്ധതിയ്ക്കായി 300 ലക്ഷം രൂപ ചെലവ് വരുമെന്നും പ്രസ്തുത തുകയുടെ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-57(പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വനിത ശിശു വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) 25.09.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് സഹായം നൽകുന്നതിനായി NALSA പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ചുവടെ ചേർക്കുന്ന നിബന്ധനകളോടെ പദ്ധതി നടപ്പാക്കേണ്ടതാണ്.

**പദ്ധതിയുടെ ഗുണഭോക്താക്കൾ**

1. ലൈംഗികാതിക്രമത്തിന് ഇരയായവർ
2. ആസിഡ് ആക്രമണത്തിന് ഇരയായ സ്ത്രീകളും കുട്ടികളും
3. ഗാർഹിക പീഢനത്തിന് വിധേയരായവർ
4. ഹീനമായ ലിംഗ വിവേചനത്തിന് ഇരയായവർ

4) ഇത്തരത്തിലുള്ള കുറ്റകൃത്യം രജിസ്റ്റർ ചെയ്യപ്പെടുകയോ സ്വമേധയാ വെളിപ്പെടുകയോ ചെയ്താൽ വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായി, കുട്ടികളുടെ പരാതിയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ/സ്ത്രീകളുടെ പരാതിയിൽ വിമൻ പ്രൊട്ടക്ഷൻ ഓഫീസർ എന്നിവർ പരാതി നിർഭയ സെല്ലിന്റെ സംസ്ഥാന കോർഡിനേറ്ററുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. വിവിധ പരാതികളിൽ ആശ്വാസധനമായി അനുവദിക്കാവുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No. | Particulars of loss or injury | Minimum Limit | Upper Limit |
|---|---|---|---|
| 1 | Sexual assault of minors registered under the pocso act<br>• Aggravated penetrative sexual assault<br>• Penetrative sexual assault<br>• Sexual assault<br>• Aggravated sexual assault | Rs. 50,000/- | Rs.1,00,000/- |
| 2 | Rape/Gang Rape/unnatural sexual offenses | Rs. 50,000/- | Rs.1,00,000/- |
| 3 | Loss of life | Rs. 50,000/- | Rs.1,00,000/- |
| 4 | Grievous physical injury or any mental injury due to domestic violence | Rs. 25,000/- | Rs.50,000/- |
| 5 | Women & Children rescued from trafficking | Rs. 25,000/- | Rs.50,000/- |
| 6 | Victims of acid attack | Rs. 1,00,000/- | Rs.2,00,000/- |
| 7 | In case of pregnancy on account of rape (in addition to 1 & 2 above) | Rs. 50,000/- | Rs.1,00,000/- |
| 8 | Loss of any limb or part of body | Rs. 50,000/- | Rs.1,00,000/- |

| | | | |
|---|---|---|---|
| 9 | Loss of Foetus ie, Miscarriage as a result of assault or loss of fertility | Rs. 50,000/- | Rs.1,00,000/- |
| 10 | Victims of burning | Rs. 50,000/- | Rs.1,00,000/- |

5) **മേൽ ചേർത്തിരിക്കുന്ന** നിബന്ധനകൾക്കനുസരണമായി ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെൻഡർ ബെയ്സ്ഡ് അതിക്രമങ്ങൾ എന്നിവയ്ക്ക് ഇരയായിട്ടുള്ള സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തിര ആശ്വാസമായി ആശ്വാസനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിലേക്കായി 300/- ലക്ഷം രൂപ (മുന്നൂറു ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-57 (പ്ലാൻ) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷർമിള മേരി ജോസഫ്**
സെക്രട്ടറി

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
ബഹു.ആരോഗ്യ കുടുംബക്ഷേമ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പി.എസ് ന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.ആരോഗ്യ കുടുംബക്ഷേമവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസിന്
സാമൂഹ്യനീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്